

# MERUVAMBAYI M U P SCHOOL

## BASIC SCIENCE

# സസ്യലോകത്തെ അടുത്തറിയാം

**WORKSHEET 1.9**

**STD V**
**8/08/2020**

**വേരുകളുടെ ധർമ്മം എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ?**

**. സസ്യങ്ങളെ മണ്ണിൽ ഉറപ്പിച്ചു നിർത്തുന്നു.**

**. മണ്ണിൽ നിന്നും ജലവും ലവണങ്ങളും വലിച്ചെടുക്കുന്നു.**






**വേരുകളുടെ മറ്റു ധർമ്മങ്ങൾ നിങ്ങൾക്കറിയാമോ?**

Meruvambayi M U P School

ആൽമരത്തിന്റെ കൊമ്പിൽ നിന്നും താഴേക്ക് വളരുന്ന വേരുകൾ ആ മരത്തിന് എങ്ങനെയാണ് പ്രയോജനപ്പെടുന്നത്?

**ഇത്തരം വേരുകൾ മരത്തെ താങ്ങിനിർത്തുന്നു.**



**പേരാൽ**

മുകളിലെ ശിഖിരങ്ങളിൽ നിന്നും താഴേക്ക് വളരുന്ന വേരുകളാണ് **പേരാലിൽ** കാണുന്നത്. മണ്ണിനു മുകളിൽ കാണിന്ന ഇത്തരം വേരുകളാണ് **താങ്ങുവേരുകൾ.**

**ഈ ചെടി നിങ്ങൾ കണ്ടിട്ടുണ്ടോ? ഇവിടെ കാണുന്ന വേരുകളുടെ പ്രത്യേകതയെന്താണെന്ന് നിങ്ങൾക്കറിയാമോ?**

**ഇത്തരം വേരുകൾ മരത്തെ താങ്ങിനിർത്തുന്നു.**



**ആറ്റുകൈത**

തണ്ടുകളിൽ നിന്നും താഴേക്ക് വളരുന്ന വേരുകളാണ് **ആറ്റുകൈത**യിൽ കാണുന്നത്. മണ്ണിനു മുകളിൽ കാണിന്ന ഇത്തരം വേരുകളാണ് **പൊയ്ക്കാൽ വേരുകൾ.**






ചതുപ്പുനിലങ്ങളിൽ വളരുന്ന പ്രത്യേക സസ്യങ്ങളാണ്
**കണ്ടൽച്ചെടികൾ (Mangroves)**.
ഇവയുടെ വേരിന്റെ അറ്റം അന്തരീക്ഷത്തിലേക്ക് വളർന്നു നിൽക്കുന്നു.
വാതക വിനിമയത്തിന് സഹായിക്കുന്ന ഇത്തരം വേരുകൾക്ക്
**ശ്വസനവേരുകൾ (pneumatophores)** എന്നു പറയുന്നു.

Meruvambayi MUP School

## പ്രവർത്തനം 1

**താങ്ങുവേരുകൾ, പൊയ്കാൽ വേരുകൾ എന്താണെന്ന് എഴുതുക. ഉദാഹരണം എഴുതുക.**

## പ്രവർത്തനം 2



**a) ചിത്രത്തിൽ കാണുന്ന വേരിന് പറയുന്ന പേരെന്ത്? ഈ വേരിന്റെ ധർമ്മം എന്താണ്?**

**b) കണ്ടൽച്ചെടികളെ കുറിച്ച് ചെറുവിവരണം എഴുതുക.**

## പ്രവർത്തനം 3

**അനുയോജ്യമായ രീതിയിൽ യോചിപ്പിക്കുക.**

a) 

ശ്വസനവേര്

b) 

പൊയ്ക്കാൽ വേര്

c) 

താങ്ങുവേര്







Online class കൃത്യനിഷ്ഠയോടെ കാണുക. പ്രധാനപ്പെട്ട കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതി വെക്കുക.

**എല്ലാവരും മുഴുവൻ പ്രവർത്തനങ്ങളും ചെയ്ത് ടീച്ചർക്ക് അയച്ചു തരുമല്ലോ ....**

**എന്ന് സ്നേഹത്തോടെ ടീച്ചർ**

Meruvambayi M UP Sc